# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ടത്

ചോദ്യം : *181

19-06-2012-ൽ മറുപടിക്ക്

## ഊർജ്ജ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ.

**ചോദ്യം**

ശ്രീ. ബി.ഡി. ദേവസ്സി
ശ്രീ. കെ. കുഞ്ഞിരാമൻ. (തൃക്കരിപ്പൂർ)
ശ്രീ. കെ.കെ. നാരായണൻ
ശ്രീ. ബാബു. എം. പാലിശ്ശേരി.

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ഊർജ്ജ സംരക്ഷണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (എ) | ഊർജ്ജ സംരക്ഷണത്തിനായി ഉപഭോക്താക്കൾക്കിടയിൽ വ്യാപകമായ ബോധവല്ക്കരണ പ്രവർത്തനങ്ങൾക്കും, വീടുകളിലും ഓഫീസുകളിലും, വ്യവസായ സ്ഥാപനങ്ങളിലും ഊർജ്ജക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി ഊർജ്ജക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾക്കാണ് സർക്കാർ ഊന്നൽ നൽകുന്നത്. ഇതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ളതും ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ ഈ ആവശ്യത്തിനായി 2011-12 ബജറ്റിൽ എന്ത് തുക നീക്കിവെച്ചിരുന്നു; ഇതിൽ എത്ര രൂപ ചെലവാക്കി; ചെല വാക്കിയ തുകയുടെ വിശ ദാംശങ്ങൾ നൽകാമോ; | (ബി) | വിവിധ ഊർജ്ജ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി ഇ.എം.സി .ക്ക് 2011-12 ബഡ്ജറ്റിൽ വിഹിതമായി 26.20 കോടി രൂപ വക കൊള്ളിച്ചിരുന്നു. അതിൽ 13.82 കോടി രൂപ അനുവദിച്ചു. ഇതിൽ 2.686 കോടി രൂപ മാർച്ച് 14നും 20 ലക്ഷം രൂപ മാർച്ച് 28 നും ബാക്കി തുകയായ 10.934 കോടി രൂപ മാർച്ച് 31 നുമാണ് അനുവദിച്ചത്. ഇതു സംബന്ധിച്ച പദ്ധതികളും വകകൊള്ളിച്ച തുകയും അനുവദിച്ച തുകയും ചെലവാക്കിയ തുകയും സംബന്ധിച്ച വിശദ വിവരം അനുബന്ധം 2 ൽ കൊടുത്തിരിക്കുന്നു. അനുവദിച്ച മുഴുവൻ തുകയ്ക്കുമുള്ള ബന്ധപ്പെട്ട പദ്ധതികൾ ഈ വർഷം തന്നെ പൂർണമായും നടപ്പിലാക്കുന്നതാണ്. |
| (സി) | ഊർജ്ജ സംരക്ഷണ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ശേഖരണം, വിനി യോഗം എന്നിവ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ നല്കാമോ? | (സി) | ഉണ്ട്. ഫണ്ടിന്റെ ശേഖരണം വിനിയോഗം എന്നിവ വിശദ മാക്കികൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള 27-7-2010-ലെ G.O.(P)No.7/2010/PD. ഉത്തരവ് അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. |

(അനുബന്ധങ്ങൾ ലൈബ്രറിയിൽ ലഭ്യമാണ്)

സെക്ഷൻ ഓഫീസർ